പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1487

10/02/2020 ൽ
മറുപടിക്ക്

## ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കർഷകർക്ക് ഗുണമേൻമയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ നെൽ വിത്തുകൾ രജിസ്റ്റേഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെൻറ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. വി.എഫ്.പി.സി.കെ., നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകൾ, ബി.എം എഫ് സി, കേരള കാർഷിക സർവകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഐ.സി.എ.ആർ. സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |
| ബി) ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിലൂടെ കാർഷികോത്പ്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ, വിശദാംശം നൽകാമോ? | ബി) ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിലൂടെ വിളകളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, ഡിപ്പാർട്ട്മെന്റ് ഫാമുകൾ, VFPCK എന്നിവ ഗുണനിലവാരമുള്ള വിത്ത് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ധാന്യ വർഗ്ഗ വിളകളുടെ ഉൽപ്പാദന ക്ഷമത 2001-02 വർഷത്തിൽ 2148 കിലോ /ഹെക്ടർ ആയിരുന്നത് 2017-18 വർഷത്തിൽ 2681 കിലോ/ഹെക്ടർ ആയി വർദ്ധിച്ചു. ഇതേ കാലയളവിൽ പയർ വർഗ്ഗങ്ങളുടെ ഉൽപ്പാദനക്ഷമത 766.8 കിലോ/ഹെക്ടർ ആയിരുന്നത് 972.4 കിലോ/ഹെക്ടർ ആയി വർദ്ധിച്ചു. ഈ വർദ്ധനവിന് വിത്തിന്റെ ഗുണനിലവാരം ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വിളകളിലും അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിലൂടെ മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ